**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1416** **11-09-2023 - ൽ മറുപടിയ്ക്ക്**

**നെല്ലിയാമ്പതിക്ക് അനുവദിച്ച ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നെല്ലിയാമ്പതിക്ക് അനുവദിച്ച ടൂറിസം പദ്ധതിയുടെ ടെൻഡർ നടപടികളും പ്രവർത്തനോദ്ഘാടനവും കഴിഞ്ഞിട്ടും പ്രവൃത്തി തുടങ്ങാനുള്ള തടസ്സങ്ങൾ എന്താണെന്ന് വിശദമാക്കുമോ; | (എ) | നെല്ലിയാമ്പതിക്ക് അനുവദിച്ച ടൂറിസം പദ്ധതി പ്രദേശം വനം വകുപ്പിന്റെ നിയന്ത്രണത്തിലായതിനാൽ വനം വകുപ്പിന്റെ അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം കാരണം പദ്ധതി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. |
| (ബി) | വിനോദസഞ്ചാരത്തിന് ഏറെ ഗുണകരമായ പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | 17.08.2020 ലെ സ.ഉ.(സാധാ)നം.271/2020/ ടൂറിസം നമ്പർ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതിയിൽ വിനോദ സഞ്ചാരികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായുള്ള പദ്ധതിയ്ക്ക് 5.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതിയുടെ നോഡൽ ഏജൻസി KTIL ഉം നിർവഹണ ഏജൻസി HITES ഉം ആണ്. നെല്ലിയാമ്പതിയിൽ കൃഷി വകുപ്പ് ഡി.ടി.പി.സിയ്ക്ക് കൈമാറിയ സ്ഥലത്താണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. എന്നാൽ ടി പ്രദേശമാകെ വനം വകുപ്പിന്റെ നിയന്ത്രണത്തിലായതിനാൽ പദ്ധതി നടപ്പാക്കുന്നതിന് വനം വകുപ്പിൽ നിന്നും അനുമതി ലഭിച്ചിരുന്നില്ല. ഈ വിഷയം പരിഹരിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 07.02.2022 ൽ പ്രിൻസിപ്പൽ സെക്രട്ടറി, വനം വകുപ്പ്, ജില്ലാ കളക്ടർ, വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ എന്നിവരുടെ യോഗം വിളിച്ചു ചേർക്കുകയുണ്ടായി. യോഗത്തിൽ വിഷയം പരിഹരിക്കുന്നതിനും വനം വകുപ്പിന് കൂടി സ്വീകാര്യമായ ഘടകങ്ങൾ മാത്രം ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കാനും തീരുമാനിച്ചു. നെല്ലിയാമ്പതി ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നെല്ലിയാമ്പതിയിലെ പരിസ്ഥിതിയ്ക്ക് ദോഷകരമാവാത്ത രീതിയിൽ കൂടുതൽ അടിസ്ഥാന വികസന പദ്ധതികൾ വിനോദസഞ്ചാര വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് കൂട്ടിച്ചേർത്ത് നടപ്പാക്കാവുന്നതാണ് എന്നും നെല്ലിയാമ്പതി പഞ്ചായത്തിന്റെ |

| | | | |
|---|---|---|---|
| | | | **അധീനതയിൽ നിലവിലുള്ള സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാതെ തന്നെ വിനോദ സഞ്ചാരികൾക്ക് പ്രയോജനപ്പെടുത്താവുന്നതാണെന്നും വനം വകുപ്പ് സമ്മതിച്ചിട്ടുണ്ട്. വനം വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നെല്ലിയാമ്പതിയിൽ വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നതാണ്.** |

സെക്ഷൻ ഓഫീസർ